**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 278** — **02-03-2023 - ൽ മറുപടിയ്ക്ക്**

**ഡിപ്പോകളുടെ ടാർജറ്റിന് ആനുപാതികമായി ശമ്പള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രതിമാസം ആവശ്യമായി വരുന്ന തുക എത്രയെന്ന് അറിയിക്കുമോ; ആയതിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം / അസ്ഥിരം ജീവനക്കാരുടെ മൊത്തശമ്പള വിതരണത്തിനായി ഏകദേശം 93 കോടി രൂപയോളം പ്രതിമാസം ആവശ്യമായി വരുന്നുണ്ട്. പ്രതിമാസം ഏകദേശം 200 കോടിയോളം രൂപ വരുമാനം ലഭ്യമാകുന്നുണ്ടെങ്കിലും ഇന്ധനചെലവ്, കൺസോർഷ്യം / ഓവർഡ്രാഫ്റ്റ് വായ്പതിരിച്ചടവ്, മറ്റ് അവശ്യ ചെലവുകൾ എന്നിവ കഴിഞ്ഞാൽ ശമ്പള വിതരണത്തിനുള്ള തുക മിച്ചംപിടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. |
| (ബി) | 2022 ഡിസംബർ മാസം ഇരുനൂറ് കോടി രൂപയുടെ റെക്കോർഡ് വരുമാനം നേടിയിട്ടും കെ.എസ്.ആർ.ടി.സി.യ്ക്ക് ജീവനക്കാരുടെ ശമ്പളം യഥാസമയം പൂർണ്ണമായും നൽകുന്നതിന് കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധിയുടെ കാരണം വെളിപ്പെടുത്തുമോ; | (ബി) | ഡിസംബർ 2022-ൽ കോർപ്പറേഷന്റെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം, ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷൻ എന്നിവ വഴി ലഭ്യമായത് ആകെ 243.36 കോടി രൂപയാണ്. എന്നാൽ പ്രസ്തുത മാസത്തെ ശമ്പളം ഒഴികെയുള്ള ആകെ ചെലവ് 272.60 കോടി രൂപയാണ്. 2022 ഡിസംബർ മാസത്തിൽ റെക്കോർഡ് വരുമാനം ലഭ്യമായിട്ടും വരവിനേക്കാളേറെ ചെലവേറിയതിനാലാണ് യഥാസമയം ശമ്പളം വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ ഓരോ ഡിപ്പോകൾക്കും വരുമാനത്തിന് ടാർജറ്റ് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ ടാർജറ്റിന് ആനുപാതികമായാണോ ജീവനക്കാർക്ക് ശമ്പള വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും, സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും മത്സരോത്സുകത വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ ഓരോ ഡിപ്പോകൾക്കും ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകണമെന്ന നിർദ്ദേശം നൽകിയിട്ടില്ല. |
| (ഡി) | ശമ്പളം നൽകാനായില്ലെങ്കിൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടണമെന്ന് ഹൈക്കോടതി നിർദേശിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ